(ഡി) സംസ്ഥാന സഹകരണ ബാങ്കിൽ ക്ലാർക്ക് ഗ്രേഡ് I തസ്തികയിൽ 3 ഒഴിവുകളുണ്ട്. ഇതിൽ 50% സൊസൈറ്റി കാറ്റഗറിയിൽ ആണ്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഉണർവ് പദ്ധതി

129 (514) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഉണർവ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്തുതീർക്കാതെയും നിൽക്കുന്ന തുകകൾ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റിൽനിന്നും നീക്കം ചെയ്ത് സഹകരണ സ്ഥാപനങ്ങളുടെ ബാക്കി പത്രം സംശുദ്ധമാക്കി സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് തയ്യാറാക്കുക എന്നതാണ് 'ഉണർവ് 2012' തീവ്ര പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യം. സഹകരണ നിയമം/ചട്ടം, സംഘം ബൈലാ, രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചുകൊണ്ടാണ് സഹകരണ സ്ഥാപനങ്ങൾ പ്രവൃത്തിക്കേണ്ടത്. ഇതിന് വിരുദ്ധമായും വിവിധങ്ങളായ കാരണങ്ങളാലും ഉണ്ടായ ഇടപാടുകൾ ആഡിറ്റിൽ അംഗീകരിക്കാത്ത സാഹചര്യത്തിൽ ആയതിന് സമാനമായ കരുതലുകൾ വെയ്ക്കുകയും ആയത് സഹകരണ സ്ഥാപനങ്ങളുടെ നഷ്ടത്തിനിടയാക്കുകയും ചെയ്യുന്നു. കൂടാതെ ഇപ്രകാരം ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെ ബാക്കി നിൽക്കുകയും ചെയ്യുന്ന അവസ്ഥ സഹകരണസ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്നു. നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് ഈടാക്കാൻ കഴിയുന്ന തുകകൾ ഈടാക്കുകയും കൊടുക്കാനുള്ളവ കൊടുക്കുകയും വകുപ്പുതല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം, ഭരണാനുമതി ഇവ വേണ്ട സംഗതിയിൽ ആയത് അനുവദിച്ചും ഈടാക്കാൻ കഴിയാത്തവ പൊതുയോഗ അംഗീകാരത്തിനും രജിസ്ട്രാറുടെ അനുമതിക്കും വിധേയമായി ആഡിറ്റ് സർട്ടിഫിക്കറ്റിൽനിന്നും നീക്കം ചെയ്യുന്നതിലൂടെയും സംഘങ്ങളുടെ ഇവയ്ക്കായുള്ള കരുതലുകൾ ഒഴിവാക്കി സംശുദ്ധമായ ബാക്കി പത്രം തയ്യാറാക്കുന്നതിനും സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്നതിനും സംഘങ്ങളെ സാമ്പത്തിക അടിത്തറയുള്ള സഹകരണസ്ഥാപനങ്ങളാക്കി മാറ്റുന്നതിനുമുള്ള നടപടികളാണ് ഉണർവ് 2012-ൽ നിഷ്കർഷിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ആനുകൂല്യം സംഘാംഗങ്ങൾക്ക് നേരിട്ട് ലഭിക്കുകയില്ലെങ്കിലും സംഘങ്ങളെ സാമ്പത്തിക അടിത്തറയുള്ള സ്ഥാപനങ്ങളാക്കി മാറ്റുന്നതിലൂടെ അംഗങ്ങൾക്ക് സംഘം നൽകുന്ന സേവനങ്ങൾ കൃത്യമായി കൂടുതൽ ഗുണമേന്മയോടെ ലഭ്യമാകുന്നതാണ്.

(സി) ഉണർവ് പദ്ധതി നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2012 മാർച്ച് 15 മുതൽ സെപ്റ്റംബർ 15 വരെ രണ്ട് ഘട്ടങ്ങളിലായി ഉണർവ് 2012 എന്ന പേരിൽ തീവ്രയത്ന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ വായ്പാ സംഘങ്ങൾ/ബാങ്കുകൾ എന്നിവയേയും രണ്ടാം ഘട്ടത്തിൽ വായ്പേതര സംഘങ്ങളേയും സംബന്ധിച്ചാണ് പദ്ധതി വിഭാവനം ചെയ്തത്. തുടർന്ന് സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ പൊതുയോഗം കൂടി നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടതിനാലും സഹകാരികൾ പദ്ധതി നീട്ടുന്നതിന് അപേക്ഷകൾ നൽകിയതിനാലും ടി പദ്ധതി 31-12-2013 വരെ ദീർഘീപ്പിച്ചു. ഏറ്റവും അവസാനം ലഭ്യമായ ആഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ചിരിക്കുന്ന തുകകൾ മുൻ വർഷങ്ങളിലെ ആഡിറ്റ് സർട്ടിഫിക്കറ്റിലെ തുകകൾ കൂട്ടി എഴുതിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി ആഡിറ്റിൽ തടഞ്ഞിട്ടുള്ള തുകകളെ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതും സംഘത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ രജിസ്റ്ററുകളുമായി പരിശോധിച്ച് സംഘം പ്രസിഡന്റ്, സെക്രട്ടറി, യൂണിറ്റ് ഇൻസ്പെക്ടർ എന്നിവരുടെ ഒരു യോഗം താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർ വിളിച്ചു ചേർത്ത് പട്ടിക തയ്യാറാക്കിയും പ്രസ്തുത പട്ടികയിൽ, ഈടാക്കാൻ നടപടി സ്വീകരിക്കാവുന്നവ, ഈടാക്കാൻ നിവൃത്തിയില്ലാതെ നിമയാനുസൃത നടപടികൾ സ്വീകരിച്ച് നീക്കം ചെയ്യാൻ കഴിയുന്നവ യഥായോഗ്യം കൊടുത്തുതീർക്കാവുന്നവ എന്നിങ്ങനെ പട്ടിക തരംതിരിച്ചും പൊതുയോഗത്തിന്റെ അംഗീകാരത്തോടെ ഭരണവകുപ്പിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി. ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)

LIBRARY ARCHIVES Kerala Legislative Assembly

എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകാവുന്ന പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി ആഡിറ്റ് ഉക ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യ. ഇതിൽ അംഗീകാരം നൽകാത്ത നിർദ്ദേശങ്ങൾ സഹകരണസംഘം രജിസ്ട്രാർ, ആഡിറ്റ് ഡയറക്ടർ, അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), അഡീഷണൽ രജിസ്ട്രാർ (ആഡിറ്റ്), രജിസ്ട്രാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ധൻ എന്നിവരടങ്ങിയ സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി ക്യാമ്പയിന്റെ നോഡൽ ഓഫീസർ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ആണ്. സംസ്ഥാനതല കമ്മിറ്റി 5 പ്രാവശ്യം കൂടി തീരുമാനമെടുത്തിട്ടുണ്ട്.

തിരൂർ മണ്ഡലത്തിലെ വികസനം

130 (515) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ, ഗ്രാമവ്യവസായ വകുപ്പ് മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എത്ര ഉക ചെലവഴിച്ചിട്ടുണ്ട് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

സഹകരണ വകുപ്പ് മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ സംസ്ഥാന പദ്ധതികൾക്കായി 24 സഹകരണ സംഘങ്ങൾക്ക് ആകെ 30.65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

1. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 13.35 ലക്ഷം രൂപ (14 സംഘങ്ങൾ)
2. വനിത സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 3.90 ലക്ഷം രൂപ (4 സംഘങ്ങൾ)
3. വനിത സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന ഗ്രാന്റ് 6.90 ലക്ഷം രൂപ (4 സംഘങ്ങൾ)
4. ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 2.00 ലക്ഷം രൂപ (1 സംഘത്തിന്)
5. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 4.50 ലക്ഷം രൂപ (1 സംഘത്തിന്).